## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2097 17/02/2016-ൽ മറുപടിക്ക്**

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്കൽ ഡിവിഷനുകൾ**

| ചോദ്യം<br>ശ്രീ. ജി.എസ്. ജയലാൽ | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഏതൊക്കെ ഇലക്ട്രിക്കൽ ഡിവിഷനുകളാണ് നിലവിലുള്ളത്; | (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷനാണ് ഉള്ളത്. ഇത് കൂടാതെ കുണ്ടറ ഡിവിഷന്റെ കീഴിലുള്ള വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ ഒരു ചെറിയ ഭാഗവും (ആദിച്ചനെല്ലൂർ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നുണ്ട്. |
| (ബി) പ്രസ്തുത ഡിവിഷനുകളിൽ വിവിധ കാറ്റഗറിയിലായി എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളത്; ജീവനക്കാരെ നിയമിക്കാതെ ഒഴിവായിക്കിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്നും ഇവിടെ ജീവനക്കാരെ എന്നത്തേക്ക് നിയമിക്കുമെന്നും അറിയിക്കുമോ? | (ബി) 296 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പി.റ്റി.സി, സ്വീപ്പർ തസ്തികയിൽ നിലവിൽ ഒഴിവുണ്ട്. പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതാണ്. |
| (സി) പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജീവനക്കാരെ നിയമിക്കാതെ ഒഴിവായി കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് സെക്ഷൻ ഓഫീസ് തിരിച്ച് അറിയിക്കുമോ; ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) പി.റ്റി.സി സ്വീപ്പറുടെ ഒഴിവ് സെക്ഷൻ തലത്തിൽ<br>ഇലക്ട്രിക്കൽ സെക്ഷൻ, ചാത്തന്നൂർ — 1<br>ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണനല്ലൂർ — 1<br>ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ — 1<br>പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**